(സി) ഇപ്പോൾ പരിഗണനയിലില്ല.

"ക്ഷേത്രകലാപീഠങ്ങളുടെ ഉന്നമനം"

209 (6128) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കലാപീഠങ്ങളിൽ നിന്ന് ക്ഷേത്രകലകൾ പാസ്സായവർക്ക് കൊച്ചി, മലബാർ, ഗുരുവായൂർ എന്നീ ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി നൽകാറുണ്ടോ ; ഇല്ലെങ്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ക്ഷേത്രകലാപീഠത്തിലെ അദ്ധ്യാപകർ കുറഞ്ഞ വേതനത്തിലാണ് ജോലി ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവർക്ക് കേരള കലാമണ്ഡലത്തിലെ അദ്ധ്യാപകർക്ക് ലഭിക്കുന്ന നിരക്കിലുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുമോ ;

(സി) ക്ഷേത്രകലാപീഠങ്ങളുടെ ഉന്നമനത്തിന് സർക്കാർ ഗ്രാന്റ് അനുവദിക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രകലാപീഠങ്ങളിൽ നിന്നും പാസ്സായവരുടെ അപേക്ഷകൾ ഗുരുവായൂർ ദേവസ്വം പരിഗണിക്കാറുണ്ട്. മലബാർ ദേവസ്വം ബോർഡിൽ ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ തയ്യാറാക്കുമ്പോൾ ബോർഡ് ഇക്കാര്യം പരിശോധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

"ക്ഷേത്ര പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം"

210 (6129) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേത്ര പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെങ്കിലും ക്ഷേത്രങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എന്നറിയിക്കുമോ ;

(സി) ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly